സാധിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 2270 നിക്ഷേപകരെ കണ്ടെത്തുകയും ആയതിൽ 802 പേർ യൂണിറ്റ് ആരംഭിക്കുകയും 101.789 കോടി രൂപയുടെ നിക്ഷേപമുണ്ടാവുകയും ആയതുവഴി 10759 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്.

മാവൂരിൽ പുതിയ വ്യവസായ സ്ഥാപനം

219 (586) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവൂരിൽ പുതിയ വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

ഗ്രാസിം കമ്പനിയുടെ പ്രവർത്തനം നിലച്ചതിനുശേഷം സർക്കാരും, കമ്പനി അധികൃതരുമായി കമ്പനി പ്രവർത്തിച്ചുവന്ന ഭൂമിയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിരവധി തവണ ചർച്ചകൾ നടത്തുകയുണ്ടായി. ഗ്രാസിം കമ്പനി പ്രസ്തുത സ്ഥലത്ത് ആരംഭിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ച പദ്ധതികളൊന്നും തന്നെ പ്രാവർത്തിക യോഗ്യമായിരുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ 17-9-2015-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്ക് യോജിച്ചതും, ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതും പെട്ടെന്ന് നടപ്പിൽ വരുത്താവുന്നതുമായ ഒന്നോ രണ്ടോ പ്രവർത്തന യോഗ്യമായ പദ്ധതികളുമായി മുന്നോട്ട് വരണമെന്ന് കമ്പനി പ്രതിനിധികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ നിർദ്ദേശം കമ്പനിയുടെ 2015 ഒക്ടോബർ മാസത്തിൽ കൂടുന്ന ഡയറക്ടർ ബോർഡിന്റെ യോഗത്തിൽ സമർപ്പിക്കാമെന്നും അതിന്മേൽ ഉചിതമായ തീരുമാനമെടുത്ത് എത്രയും പെട്ടെന്ന് പുതിയ നിർദ്ദേശം സർക്കാരിന് സമർപ്പിക്കാമെന്നും കമ്പനി പ്രതിനിധികൾ ഉറപ്പുനൽകിയിട്ടുണ്ട്. ഇതുവരെ പുതുക്കിയ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

പരമ്പരാഗത വ്യവസായം

220 (587) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ രംഗത്ത് ജോലി ചെയ്തു ജീവിക്കുന്ന കുടുംബങ്ങളുടെ കണക്കുകൾ ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly